# Athmaraksha.org

ജീവിതത്തിലെ വിഷമഘട്ടങ്ങൾ

## രോഗങ്ങളും, വേദനകളും




രോഗികളെ സുഖപ്പെടുത്താൻ കർത്താവിന്റെ ശക്തി അവനിൽ ഉണ്ടായിരുന്നു (ലൂക്കാ 5:17).

മകനേ, രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോടു പ്രാർഥിക്കുക; അവിടുന്ന് നിന്നെ സുഖപ്പെടുത്തും (പ്രഭാഷകൻ 38:9).

കർത്താവു നിങ്ങളിൽനിന്ന് എല്ലാ രോഗങ്ങളും മാറ്റിക്കളയും (നിയമാവർത്തനം 7:15).

ജ്ഞാനിയെന്നു സ്വയം ഭാവിക്കരുത്; കർത്താവിനെ ഭയപ്പെട്ട് തിൻമയിൽനിന്ന് അകന്നുമാറുക. അത് നിന്റെ ശരീരത്തിന് ആരോഗ്യവും അസ്ഥികൾക്ക് അനായാസതയും നൽകും (സുഭാഷിതങ്ങൾ 3:7-8).

വിശ്വാസത്തോടെയുള്ള പ്രാർഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേൽപിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പു നൽകും. നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർഥന വളരെ ശക്തിയുള്ളതും ഫല ദായകവുമാണ് (യാക്കോബ് 5:15-16).

കർത്താവേ, മരുന്നോ ലേപനൗഷധമോ അല്ല, എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത് (ജ്ഞാനം 16:12).

അവിടുന്നു തന്റെ വചനം അയച്ച്, അവരെ സൗഖ്യമാക്കി; വിനാശത്തിൽനിന്നു വിടുവിച്ചു (സങ്കീർത്തനങ്ങൾ 107:20).

നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു (ഏശയ്യാ 53:5).

അവന്റെ കീർത്തി സിറിയായിലെങ്ങും വ്യാപിച്ചു. എല്ലാ രോഗികളെയും, വിവിധ വ്യാധികളാലും

വ്യഥകളാലും അവശരായവരെയും, പിശാചുബാധിതർ, അപസ്മാരരോഗികൾ, തളർവാതക്കാർ എന്നിവരെയും അവർ അവന്റെ അടുത്തുകൊണ്ടുവന്നു. അവൻ അവരെ സുഖപ്പെടുത്തി (മത്തായി 4:24).

കർത്താവേ, എന്നെ സുഖപ്പെടുത്തണമേ; അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കണമേ; അപ്പോൾ ഞാൻ രക്ഷപെടും; അങ്ങു മാത്രമാണ് എന്റെ പ്രത്യാശ (ജറെമിയാ 17:14).

നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ ആരാധിക്കണം. അപ്പോൾ ഞാൻ നിങ്ങളുടെ ഭക്ഷ്യവും പാനീയവും ആശീർവദിക്കും; നിങ്ങളുടെ ഇടയിൽ നിന്നു രോഗം നിർമാർജനം ചെയ്യും (പുറപ്പാട് 23:25).